മിസ്റ്റർ വി. കെ. കുട്ടി.— ഇവരെ അപ്പ്രായിൻറ് ചെയ്യുന്ന കാലത്തു് ഈ പരീക്ഷകൾ ഉണ്ടായിരുന്നോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— പുറത്താക്കീട്ടുള്ള ചിലരെ അപ്പ്രായിൻറുചെയ്ത കാലത്തുണ്ടായിരുന്നു.

മിസ്റ്റർ വി. കെ. കുട്ടി— ഒ കൊല്ലവും അതിൽ കൂടുതലും സെർവ്വ് ചെയ്തിട്ടുള്ള ആരെയെങ്കിലും പിരിച്ചിട്ടുണ്ടെങ്കിൽ അവരെ അപ്പ്രായിൻറ് ചെയ്യുവാൻ ദയവുണ്ടാകുമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— അതിൻെറ ഉദ്ദേശമെന്താണെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി.— ൫൦, ൬൦ വയസ്സു പ്രായമുള്ളവർ ഈ പരീക്ഷ പാസാകണമെന്നു് നിർബ്ബന്ധമുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— ൬൦ വയസ്സു് പ്രായമുള്ളവർക്ക് ഇതു വേണമെന്നില്ല.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ— കോളേജ് ക്ലാസിൽ പഠിപ്പിക്കുവാൻ പ്രാപ്തിയുള്ള ഖുറാൻ ടീച്ചേഴ്സില്ലെന്നാണോ പറയുന്നതു്?

റാവുസാഹിബ് ഐ. എൻ. മേനോൻ.— ഇതുവരെ അപേക്ഷകളൊന്നും കിട്ടീട്ടില്ല.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— പാസായിട്ടുള്ളവരുണ്ടോ എന്നു് അന്വേഷിക്കാൻ ദയവുണ്ടാകുമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— യൂനിവേഴ്സിറ്റിയുടെ നോട്ടിഫിക്കേഷനുണ്ടാകും. അപ്പോൾ പാസായിട്ടുള്ളവർക്കപേക്ഷിക്കാമല്ലോ?

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— എന്നാലുമൊന്നന്വേഷിക്കാമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— വേണമെങ്കിൽ അന്വേഷിക്കാം.

Facilities for an association of Quran and Arabic Teachers.

245. മിസ്റ്റർ വി. കെ. കുട്ടി.— താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(ഛ) സംസ്ഥാനത്തിലെ ഖുറാൻ, അറബിക്ക് എന്നീ അദ്ധ്യാപകന്മാർക്കു കൊല്ലത്തിൽ ഒരു പ്രാവശ്യമെങ്കിലും അവരുടെ ഒരു യോഗം കൂടി അദ്ധ്യയനസംബന്ധമായ മാതൃകയെ ലക്ഷീകരിച്ചു് വാദപ്ര

LIBRARY ARCHIVES Kerala Legislative Assembly

തിവാദം നടത്തുന്നതിന്നും ഒരു ഏകീകൃതരൂപം നടപ്പിൽ വരുത്തുന്നതിന്നും വേണ്ടി ഗവർമ്മെണ്ടിൽനിന്നും വല്ല സൌകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടോ;

(ഛ) ഇല്ലെങ്കിൽ അക്കാര്യത്തിൽ ഉടനെ വേണ്ട സൌകര്യം ചെയ്തുകൊടുപ്പാൻ ദയവുണ്ടാകുമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— (ഛ) ഇല്ല.

(ഛ) ഖുറാൻ, അറബിക്ക് എന്നീ അദ്ധ്യാപകന്മാർക്ക് പ്രത്യേക ഒരു യോഗം വേണമെന്നു തോന്നുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി.— ടീച്ചേഴ്സ് കാൺഫറൻസിൽ ഇവർക്ക് ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതിന്നു വല്ല സൌകര്യവും ചെയ്തുകൊടുത്തിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ.— ടീച്ചേഴ്സ് കാൺഫറൻസ് എന്നു പറയുന്നതു് ഗവർമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഒരു കാൺഫറൻസാണു്. അതു ഭരിക്കുന്നതിന് ഒരു കമ്മറിയുണ്ടു്. അങ്ങോട്ടയച്ചുകൊടുത്താൽ സ്വീകരിക്കും. കൂടുതൽ വിവരം വേണമെങ്കിൽ അന്വേഷിച്ചു പറയാം.

Registry Office at Cheruthuruthy—petition for.

246. Mr. K. Kunhirama Menon.— Will the Government be pleased to state what action has been taken by the Government on the petition submitted by the Villagers of Desamangalam and Pallur on 20th Meenam 1110, regarding their prayer to open a Registry Office at Cheruthuruthi?

Mr. M. P. Cherian.—The petition was considered and finding no scope for a new Registry Office at Cheruthuruthi, it was ordered that the request cannot be granted.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ.— കൊച്ചിരാജ്യത്തെ എല്ലാ രജിസ്ട്രാഫീസുകളും സ്കൂപ്പുള്ള സ്ഥലങ്ങളിൽ തന്നെയാണോ ഉള്ളതു്? അതായതു ഈ രജിസ്ട്രാഫീസുകൾ ജനങ്ങളുടെ സൌകര്യത്തിനോ ഗവർമ്മെണ്ടിന്റെ ആവശ്യത്തിനോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ജനങ്ങളുടെ ആവശ്യത്തിന്നും ഗവർമ്മെൻറിന്റെ സൌകര്യത്തിന്നും കൂടിയാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഗവർമ്മെൻറിന്നു നഷ്ടമുണ്ടെങ്കിലും പൊതുജനങ്ങൾക്കു കുറച്ചു് ആവശ്യമുള്ള സ്ഥലത്തു ഒരു രജിസ്ട്രാഫീസു കൊടുക്കാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഓരോ വില്ലേജിലും രജിസ്ട്രാഫീസുകളുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly